**അടിയന്തരപ്രമേയം**

<u>അടിയന്തരപ്രമേയനോട്ടീസ്</u>

<u>മി. സ്പീക്കർ</u>: ആലപ്പുഴയിൽ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച ഗൺമാനും സെക്യൂരിറ്റി ഓഫീസറിനുമെതിരെ കേസെടുത്തിട്ടും തുടർനടപടികൾ സ്വീകരിക്കാതെ പോലീസ് കേസ് അട്ടിമറിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയം അടുത്ത കാലത്തുണ്ടായൊരു പ്രത്യേക സംഗതിയെ സംബന്ധിച്ചല്ലാത്തതും ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമാണ്. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52 ക്ലോസ് (iii), (vii) എന്നിവ പ്രകാരം പ്രസ്തുത വിഷയം നവദിക്കാൻ കഴിയുന്നതല്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇതൊരു Recent

occurrence ആണ്. ഞങ്ങളുടെ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്... (ബഹളം)

മി. സ്പീക്കർ: പ്ലീസ്. പ്ലീസ്... അദ്ദേഹം പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, മജിസ്ട്രേറ്റ് കോടതി കേസെടുക്കാനാവശ്യപ്പെട്ടതുപ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തു. മുഖ്യമന്ത്രിയുടെ ഇടതും വലതും ഭാഗത്തുനിൽക്കുന്ന ഗൺമാന്മാരായ രണ്ടുപേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും അവരോട് സ്റ്റേഷനിൽ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടും ഹാജരാകുകയോ കേസുമായി സഹകരിക്കുകയോ ചെയ്യുന്നില്ലെന്നുള്ളതാണ് പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളുടെ വാദം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനത്തോടും കൂടി പറയുകയാണ്, ഇവിടെ ഈ വിഷയം ഒരുപാട് നിങ്ങൾ തന്നെ അവതരിപ്പിച്ചതാണ്. With due respect... പ്ലീസ്. പ്ലീസ്... (ബഹളം)....

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. This is very unfair.

മി. സ്പീക്കർ: No, It can't permit. Please... Please.. No, No. You are speak in the several times of this law. Sorry... Sorry.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എല്ലാ ബഹുമാനത്തോടും കൂടി പറയുകയാണ്. ഈ വിഷയം അനുവദിക്കാൻ പറ്റില്ല.

(അടിയന്തരപ്രമേയനോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

(ശ്രുദ്ധക്ഷണിക്കൽ)